"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തനത് അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്യാൻ സാധിയ്ക്കാതിരുന്ന തുക RESUMPTION ചെയ്ത് വിനിയോഗിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1139/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-
1. 26.03.2025-ലെ സ.ഉ.(സാധാ)നം.805/2025/LSGD നമ്പർ ഉത്തരവ്
2. 03.04.02025-ലെ 29/2025/FIN നമ്പർ സർക്കുലർ
3. സാക്ഷരത മിഷൻ ഡയറക്ടറുടെ 11.04.2025-ലെ എ3-1724/2025/കേ.സം.സാ.മി.അ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ജീവനക്കാരുടെ 2024 മേയ് മുതൽ ഒക്ടോബർ വരെയുള്ള ശമ്പളം ഉൾപ്പടെയുള്ള 1,37,90,167/- രൂപ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുവാദം നൽകി ഉത്തരവായിരുന്നു.

എന്നാൽ, 26.03.2025 തീയതിയിൽ ട്രഷറി നിയന്ത്രണങ്ങൾ വന്നതിനാൽ ടി തുക തനത് അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്യാൻ സാധിച്ചില്ലയെന്നും സാക്ഷരതാമിഷന്റെ PSTSB ട്രഷറി അക്കൗണ്ടിൽ 30.03.2025-ൽ സാലറി ഇനത്തിൽ ഉണ്ടായിരുന്ന 56,92,944/- രൂപ State Consolidated Fund-ൽ ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്തിരുന്നു എന്നും ആകയാൽ പരാമർശ സർക്കുലറിൽ വിശദമാക്കിയിരിയ്ക്കുന്ന പ്രകാരം സാക്ഷരതാമിഷന്റെ ട്രഷറി അക്കൗണ്ടിൽ നിന്ന് RESUMPTION ചെയ്ത 56,92,944/- രൂപ 2025-26 ലെ ഗ്രാന്റ് ലഭ്യമാകുന്നവരെയുള്ള ജീവനക്കാരുടെ ശമ്പളവും അനുബന്ധ ചെലവുകളും നിർവഹിക്കുന്നതിനായി സാലറി ഹെഡിൽ അനുവദിച്ചുതരണമെന്ന് ട്രഷറി ഓഫീസറുടെ RESUMPTION CERTIFICATE സഹിതം പരാമർശം (3) പ്രകാരം സാക്ഷരതാ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ സാക്ഷരതാമിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടുകളായ 2515-00-102-21-31 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) സാലറി ഹെഡിൽ 570 ലക്ഷം രൂപയും 2515-00-102-21-36 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) നോൺ സാലറി ഹെഡിൽ 1450 ലക്ഷം രൂപയും ചേർത്ത് ആകെ 2020 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും സാക്ഷരത മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ ട്രഷറി അക്കൗണ്ടിൽ നിന്ന് RESUMPTION ചെയ്ത 56,92,944/-രൂപ(അൻപത്തി ആറ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി തൊള്ളായിരത്തി നാല്പത്തി നാല് രൂപ മാത്രം)

2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ലഭ്യമാകുന്നവരെയുള്ള ജീവനക്കാരുടെ ശമ്പളവും അനുബന്ധ ചെലവുകളും നിർവഹിക്കുന്നതിനായി സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ '2515-00-102-21-00-31-00-P.V' എന്ന സാലറി ഹെഡിൽ അനുവദിയ്ക്കുന്നതിനും, ടി തുക സാക്ഷരത മിഷൻ ഡയറക്ടറുടെ PSTSB Accounts-ലേയ്ക്ക് ക്രഡിറ്റ് ചെയ്ത് വിനിയോഗിയ്ക്കുന്നതിനും പരാമർശ സർക്കുലറിലെ നിബന്ധനകൾക്കനുസൃതമായ നടപടികൾ സമയബന്ധിതമായി സ്വീകരിയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്
5. തദ്ദേശ സ്വയംഭരണ (എഫ്. എം) വകുപ്പ്
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Dipukumar S L**
**Date: 08-05-2025 23:21:18**

സെക്ഷൻ ഓഫീസർ